## (7.) അതുമ്പുംകുളം സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

കോന്നിയിൽ നിന്ന് 6.5 കിലോമീറ്റർ കിഴക്കുമാറി അതുമ്പുംകുളം എന്ന സ്ഥലത്ത് വിശുദ്ധ തോമാ ശ്ലീഹായുടെ നാമത്തിൽ 1979 ൽ ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവിന്റെ കാലത്ത് ജോൺ കുറ്റിയിലച്ചന്റെ നേതൃത്വത്തിൽ ലൂക്കോസ് മാക്കീലച്ചന്റെ ശമ്പളംകൊണ്ട് വാങ്ങിയ ഭൂമിയിലാദ്യമായി ചാപ്പൽ പണിതു. ആവോലിക്കുഴി കാർമ്മല ഭാഗത്തുനിന്നും ഏകദേശം 14 കുടുംബങ്ങൾ ചേർന്നാണ് അതുമ്പുംകുളം ഇടവക രൂപംകൊണ്ടത്. സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാ ദേവാലയം എന്ന പേരിലാണ് അന്ന് അറിയപ്പെട്ടിരുന്നത്. ചുരുങ്ങിയ സ്ഥലപരിമിതികൾ ഇടവകാംഗങ്ങളുടെ വർദ്ധനയെ നന്നായി ബാധിച്ചു. കൂടാതെ ഓലകൊണ്ട് മേഞ്ഞ പള്ളി മഴയിൽ ചോർന്നൊലിച്ചു. അങ്ങനെ നല്ലൊരുപള്ളി ഇടവകാംഗങ്ങൾക്ക് ആവശ്യമായി തീർന്നു. പിന്നീട് അതേ പള്ളിയുടെ മുകളിലെ സ്ഥലത്ത് പുതിയ പള്ളി പണിയാൻ തീരുമാനിച്ചു. നിറയെ പാറകളാൽ നിറഞ്ഞിരുന്ന ആ സ്ഥലത്ത് യുവജനങ്ങളും മറ്റ് ഇടവക ജനങ്ങളും ചേർന്ന് ജോൺ പ്ലാവിള അച്ചന്റെ നേതൃത്വത്തിൽ പുതിയൊരു ദേവാലയം നിർമ്മിച്ചു. ഏവരുടേയും കഷ്ടപ്പാടിന്റേയും പ്രാർത്ഥനയുടേയും ഫലമായി മനോഹരമായ ഒരു കൊച്ചുദേവാലയം ആ മലമുകളിൽ ഉയർന്നു. ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവ് 1986 ൽ 35 കുടുംബങ്ങളുള്ള ആ ദേവാലയം കൂദാശ ചെയ്തു. പുതിയ ദേവാലയം സ്വർഗ്ഗീയ മധ്യസ്ഥനായ അമലോത്ഭവ മാതാവിന്റെ നാമത്തിൽ നിലവിൽ വന്നു. ആ ദേവാലയം സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദേവാലയം എന്നറിയപ്പെട്ടു.

ജോൺ പ്ലാവിള അച്ചന്റെ കാലത്തുതന്നെ ദേവാലയത്തിൽ സണ്ടേസ്കൂൾ, എം.സി.വൈ.എം., മാതൃസമാജം എന്നീ സംഘടനകൾ രൂപം കൊണ്ടു. ദേവാലയത്തിലെ പ്രവർത്തനങ്ങളും സംഘടനാപ്രവർത്തനങ്ങളും വളരെ നന്നായിതന്നെ തുടർന്നുള്ള കാലങ്ങളിലും നടക്കുന്നു. ഫാ. ഏബ്രഹാം ചേന്തിയേത്ത് (1987 - 1992), ഫാ. ടോമി തടത്തിൽ (1992 - 1995), രാജനച്ചൻ (1999), ഫാ. സാമുവേൽ പുന്നൂർ (1999 - 2004), ഫാ. വർഗീസ് ചീനിവിളയിൽ (അസി.വികാരി) എന്നിവർ ദേവാലയത്തിൽ ശുശ്രൂഷ ചെയ്തു.

ഏകദേശം 2004 - 2005 വർഷങ്ങളിൽ ഇടവക ജനങ്ങൾക്ക് പുതിയൊരു ദേവാലയം വേണമെന്നാവശ്യം ഉയർന്നു. എല്ലാ ഇടവക ജനങ്ങൾക്കും ദേവാലയത്തിനുള്ളിൽ നിന്ന് പ്രാർത്ഥിക്കാൻ പറ്റുന്ന സാഹചര്യം ഇല്ലാത്തതിനാലാണ് ഈ ആവശ്യം ഉയർന്നുവന്നത്. അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് കാതോലിക്കാബാവ 2005 പുതിയ പള്ളിക്കുവേണ്ടിയുള്ള സ്ഥലം വികാരിയായ ഫാ.ജോഷി വാഴപ്പിള്ളേത്തിന്റെ നേതൃത്വത്തിൽ ഇടവക ജനങ്ങൾക്ക് നല്കി. പുതിയ ദേവാലയത്തിനുള്ള സ്ഥലം വികാരിയുടേയും അസി.വികാരിയായ ഫാ. മാത്യു പേഴുംമൂട്ടിലിന്റേയും നേതൃത്വത്തിൽ ഒരുക്കിയെടുക്കാൻ തുടങ്ങി. തുടർന്ന് ഫാ. മോൻസി കളീയ്ക്കലച്ചന്റെ കാലത്ത് (2010 - 2014) പള്ളി സ്ഥലത്തിന്റെ നിയമപരമായ പേപ്പറുകളെല്ലാം ശരിയാക്കി. പുതിയ ദേവാലയത്തിനുവേണ്ടിയുള്ള പ്ലാൻ ഉണ്ടാക്കാനും തുടങ്ങി. 2014 - 2015 വർഷത്തിൽ ഫാ. ജോർജ്ജ് വർഗീസിന്റെ നേതൃത്വത്തിലും പള്ളി സ്ഥലത്ത് ശ്രമദാനങ്ങൾ നടത്തി.

ഇടവകയിൽ നിന്നുള്ള ദൈവവിളികൾ -

1. സി.പൂജ എസ്.ഐ.സി.
2. ഫാ. റോണി ബാബു കിഴക്കേടത്ത് കപ്പൂച്ചിൻ
3. സി. ക്ലാര ഫ്രാൻസിസ് എസ്.ഐ.സി.
4. ബ്ര. റിജോ ചരിവുകാലായിൽ.

2015 - 2019 വർഷങ്ങളിൽ വികാരിയായിരുന്ന ഫാ. ഡാനിയേൽ കൊഴുവക്കാട്ട്, 15 വർഷമായി ഇടവകാംഗങ്ങളുടെ ആവശ്യമായിരുന്ന പുതിയ ദേവാലയം പണികഴിപ്പിച്ചു. 2015 ജൂലൈ 15ന് രൂപതാധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവ് പുതിയ പള്ളിയുടെ കല്ലിടീൽ നടത്തി. ഏവരുടേയും ത്യാഗത്തി

ന്റേയും പ്രാർത്ഥനകളുടേയും ഫലമായി 2017 ഫെബ്രുവരി 11ന് അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവിന്റെ കാർമ്മികത്വത്തിൽ പുതിയ ദേവാലയം കൂദാശ ചെയ്യപ്പെട്ടു.